# THE THIRD EPISTLE OF JOHN

## യോഹന്നാൻ എഴുതിയ മൂന്നാം ലേഖനം

1 മൂപ്പനായ ഞാൻ സത്യത്തിൽ സ്നേഹിക്കുന്ന പ്രിയ
ഗായൊസിന് എഴുതുന്നത്:
2 പ്രിയനേ, നിന്റെ ആത്മാവ് ശുഭമായിരിക്കുന്നതുപോലെ
നീ സകലത്തിലും ശുഭമായും ആരോഗ്യവാനായും
ഇരിക്കേണം എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.
3 സഹോദരന്മാർ വന്നപ്പോൾ നീ സത്യത്തിൽ നടക്കുന്നു
എന്നതായ നിന്റെ സത്യത്തിന് സാക്ഷ്യം പറയുകയാൽ
ഞാൻ അത്യന്തം സന്തോഷിച്ചു. 4 എന്റെ മക്കൾ
സത്യത്തിൽ നടക്കുന്നു എന്ന് കേൾക്കുന്നതിനേക്കാൾ
വലിയ സന്തോഷം എനിക്കില്ല.
5 പ്രിയനേ, നീ സഹോദരന്മാർക്കും വിശേഷാൽ
അപരിചിതർക്കും *വേണ്ടി അദ്ധ്വാനിക്കുമ്പോഴെല്ലാം
വിശ്വസ്തത കാണിക്കുന്നു. 6 അവർ സഭയുടെ മുമ്പാകെ
നിന്റെ സ്നേഹത്തിന് സാക്ഷ്യം പറഞ്ഞിരിക്കുന്നു; നീ
അവരെ ദൈവത്തിന് യോഗ്യമാകുംവണ്ണം യാത്ര
അയച്ചാൽ നന്നായിരിക്കും. 7 തിരുനാമം നിമിത്തമല്ലോ
അവർ ജാതികളിൽനിന്ന് ഒന്നും വാങ്ങാതെ പുറപ്പെട്ടത്.
8 ആകയാൽ നാം സത്യത്തിനു കൂട്ടുവേലക്കാർ
ആകേണ്ടതിന് ഇങ്ങനെയുള്ളവർക്ക് കൈത്താങ്ങൽ
കൊടുക്കേണ്ടതാകുന്നു.
9 സഭയ്ക്ക് ഞാൻ ചിലതെഴുതിയിരുന്നു: എങ്കിലും
അവരിൽ ഒന്നാമനാകുവാൻ ആഗ്രഹിക്കുന്ന
ദിയൊത്രെഫേസ് ഞങ്ങളെ അംഗീകരിക്കുന്നില്ല.
10 അതുകൊണ്ട് ഞാൻ വന്നാൽ അവൻ ഞങ്ങൾക്ക്

* 1. അദ്ധ്യായം.. 5 അപരിചിതർക്കും അപരിചിതരെ അതിഥികളായി കരുതി ആദരിക്കുന്നതിനെ സൂചിപ്പിക്കുന്നു.

എതിരെ ദുർവ്വാക്കുകൾ പറഞ്ഞ് അവഹേളിച്ചുകൊണ്ട്
ചെയ്യുന്ന പ്രവൃത്തികൾ അവന് ഓർമ്മവരുത്തും. അവൻ
ഇങ്ങനെ ചെയ്യുന്ന പ്രവൃത്തികളിൽ തൃപ്തനാകാതെ
താൻ സഹോദരന്മാരെ കൈക്കൊള്ളാതിരിക്കുന്നത്
മാത്രമല്ല, അതിന് മനസ്സുള്ളവരെ വിരോധിക്കുകയും
സഭയിൽനിന്ന് പുറത്താക്കുകയും ചെയ്യുന്നു.
11 പ്രിയനേ, നന്മയല്ലാതെ തിന്മ അനുകരിക്കരുത്;
നന്മ ചെയ്യുന്നവൻ ദൈവത്തിൽനിന്നുള്ളവൻ
ആകുന്നു; തിന്മ ചെയ്യുന്നവൻ ദൈവത്തെ കണ്ടിട്ടില്ല.
12 ദെമേത്രിയൊസിന് എല്ലാവരാലും സത്യത്താൽ
തന്നെയും സാക്ഷ്യം ലഭിച്ചിട്ടുണ്ട്; ഞങ്ങളും സാക്ഷ്യം
പറയുന്നു; ഞങ്ങളുടെ സാക്ഷ്യം സത്യം എന്ന് നീ
അറിയുന്നു.

13 നിനക്ക് എഴുതി അയക്കുവാൻ പലതും ഉണ്ടായിരുന്നു
എങ്കിലും മഷിയും തൂവലുംകൊണ്ട് എഴുതുവാൻ എനിക്ക്
ആഗ്രഹമില്ല. 14 എന്നാൽ ഞാൻ വേഗത്തിൽ
നിന്നെ കാണ്മാൻ ആശിക്കുന്നു. അപ്പോൾ
നമുക്ക് മുഖാമുഖമായി സംസാരിക്കാം. 15 നിനക്ക്
സമാധാനം. സ്നേഹിതന്മാർ നിനക്ക് വന്ദനം ചൊല്ലുന്നു.
സ്നേഹിതന്മാർക്ക് പേരുപേരായി വന്ദനം ചൊല്ലുക.

# മലയാളം ബൈബിള്
## The Indian Revised Version Holy Bible in the Malayalam language of India (BCS 2017)

copyright © 2017 Bridge Communication Systems

Language: മലയാളം (Malayalam)

Status of the project:

- Stage 1 - Initial Drafting by Mother Tongue Translators -- Completed
- Stage 2 - Community Checking by Church -- Completed
- Stage 3 - Local Consultant (Theologian/Linguist) Checking -- Completed
- Stage 4 - Church Network Leaders Checking -- Completed
- Stage 5 - Further Quality Checking -- In Progress

This translation is made available to you under the terms of the Creative Commons Attribution Share-Alike license 4.0.

You have permission to share and redistribute this Bible translation in any format and to make reasonable revisions and adaptations of this translation, provided that:

- You include the above copyright and source information.
- If you make any changes to the text, you must indicate that you did so in a way that makes it clear that the original licensor is not necessarily endorsing your changes.
- If you redistribute this text, you must distribute your contributions under the same license as the original.

Pictures included with Scriptures and other documents on this site are licensed just for use with those Scriptures and documents. For other uses, please contact the respective copyright owners.

Note that in addition to the rules above, revising and adapting God's Word involves a great responsibility to be true to God's Word. See Revelation 22:18-19.

2018-11-29

PDF generated using Haiola and XeLaTeX on 12 Jun 2019 from source files dated 3 Jun 2019

8b989647-71e9-5be8-9094-ee99e3d6ae08